ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01-04-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. പാർലമെന്റിന്റെ ഇരുസഭകളിലും നടപടികൾ പുരോഗമിക്കുന്നു. പ്രതിപക്ഷ ബഹളത്തെ തുടർന്ന് നിർത്തിവച്ച ലോക്സഭ 12 മണിക്ക് പുനരാരംഭിച്ചു.

**Proceedings are underway in both Houses of Parliament. The Lok Sabha, which was adjourned due to opposition protests, resumed at 12 noon.**

2. കേരളത്തിൽ തിരഞ്ഞെടുപ്പ് പ്രചാരണം ഉച്ചസ്ഥായിയിൽ. കേന്ദ്ര മന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ രാജ്നാഥ് സിങ്, സിപിഐ എം പോളിറ്റ് ബ്യൂറോ അംഗം പ്രകാശ് കാരാട്ട്, എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ എന്നിവരുൾപ്പടെയുള്ള മുതിർന്ന നേതാക്കൾ പ്രചാരണ രംഗത്ത് സജീവം.

**Election campaigning in Kerala has reaches its peak. Senior leaders, including Union Minister and senior BJP leader Rajnath Singh, CPI(M) Politburo member Prakash Karat, and AICC General Secretary K. C. Venugopal, are actively participating in the campaign.**

3. 2027 ലെ ജനസംഖ്യ കണക്കെടുപ്പിന് രാജ്യത്ത് ഇന്ന് തുടക്കം. സെൻസസ് നടത്തുക രണ്ട് ഘട്ടങ്ങളിലായി.

India's Census-2027 begins today; The census will be conducted in two phases.

4. പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷം; കുവൈറ്റ് അന്താരാഷ്ട്ര വിമാനത്താവളത്തിലും ബഹ്റൈനിലും ഇറാൻ ഡ്രോൺ ആക്രമണം; ഗൾഫ് രാജ്യങ്ങൾ അതീവ ജാഗ്രതയിൽ.

West Asia Tensions Escalate: Iran Drone Strikes Target Kuwait Airport, Bahrain; Gulf on High Alert.

5. ഇറാനുമായുള്ള യുദ്ധം മൂന്നാഴ്ചക്കകം അവസാനിപ്പിക്കുമെന്ന് യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്.

U.S. President Donald Trump says the war with Iran will be ended within three weeks.

6. ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ് - ഡൽഹി ക്യാപിറ്റൽസിനെ നേരിടും.

In the Indian Premier League today, Lucknow Super Giants will take on Delhi Capitals.

&&&&&&&&&&&&&&&&&&

## HEADLINE-1

### PARLIAMENT

പാർലമെന്റിന്റെ ഇരുസഭകളിലും നടപടികൾ പുരോഗമിക്കുന്നു. വിദേശ സംഭാവന (നിയന്ത്രണ) ഭേദഗതി ബില്ലിനെ ചൊല്ലിയുള്ള പ്രതിപക്ഷ ബഹളത്തെ തുടർന്ന് നിർത്തി വച്ച ലോക്സഭ 12 മണിക്ക് പുനരാരംഭിച്ചു. ബിൽ സംബന്ധിച്ച തെറ്റായ വിവരങ്ങൾ പ്രചരിപ്പിക്കരുതെന്ന് കേന്ദ്ര പാർലമെന്ററികാര്യമന്ത്രി കിരൺ റിജിജു സഭയിൽ പറഞ്ഞു. രാജ്യസഭയിൽ സെൻട്രൽ ആംഡ് പോലീസ് ഫോഴ്സ് (പൊതുഭരണം) ബിൽ, ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്റ്റസി കോഡ് (ഭേദഗതി) ബിൽ എന്നിവ ഇന്ന് ചർച്ചക്കെടുക്കും.

&&&&&&&&&&&&&&&&&&

**PM – ASSAM VISIT**

വോട്ടെടുപ്പിന് ഏഴ് ദിവസം മാത്രം ശേഷിക്കെ, പ്രധാനമന്ത്രിയും മുതിർന്ന ബിജെപി നേതാവുമായ നരേന്ദ്രമോദി ഇന്ന് അസം സന്ദർശിക്കും. ഇന്നലെ രാത്രി അദ്ദേഹം ദിബ്രുഗഡിൽ എത്തി. തിരഞ്ഞെടുപ്പ് പ്രചാരണത്തിൻറെ ഭാഗമായി ധേമാജി ജില്ലയിലെ പൊതുറാലിയെ അഭിസംബോധന ചെയ്ത ശ്രീ മോദി അല്പസമയത്തിനകം ബിശ്വനാഥ് ജില്ലയിലെ ബെഹാലിയിലും തിരഞ്ഞെടുപ്പ് പരിപാടികളിൽ പങ്കെടുക്കും.

&&&&&&&&&&&&&&&&&&

**HEADLINE-2**

**KERALA ELCTION (INTRO)**

*കേരളത്തിൽ തിരഞ്ഞെടുപ്പ് പ്രചാരണം ഉച്ചസ്ഥായിയിൽ. മുന്നണികളിലെ മുതിർന്ന നേതാക്കളെയും താരപ്രചാരകരെയും പങ്കെടുപ്പിച്ചു കൊണ്ടുള്ള ചൂട് പിടിച്ച പ്രചാരണമാണ് നടക്കുന്നത്. പ്രധാനമന്ത്രിയും ബിജെപിയുടെ മുതിർന്ന നേതാവുമായ നരേന്ദ്രമോദി ശനിയാഴ്ച തിരുവനന്തപുരത്തും തിരുവല്ലയിലും എത്തും. സിപിഐ എം പോളിറ്റ് ബ്യൂറോ അംഗം പ്രകാശ് കാരാട്ട് , എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ എന്നിവരും പ്രചാരണ രംഗത്ത് സജീവമാണ്.*

*വിശദാംശങ്ങളിലേക്ക്....*
*( വോയിസ്....)*

*തിരുവനന്തപുരത്ത് റോഡ് ഷോയിൽ പങ്കെടുക്കുന്ന ശ്രീ നരേന്ദ്രമോദി തിരുവല്ലയിൽ പൊതുപരിപാടിയിലും പങ്കെടുക്കും.* **NDA** *യ്ക്കുവേണ്ടി കേന്ദ്രമന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ രാജ്നാഥ് സിങ് ഇന്ന് തിരുവനന്തപുരത്ത് പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്യും. എൽഡിഎഫിൻറെ പ്രചാരണാർത്ഥം സിപിഐ എം പോളിറ്റ് ബ്യൂറോ അംഗം പ്രകാശ് കാരാട്ട് ഇന്ന് കോട്ടയത്ത് പ്രചാരണ പരിപാടികളിൽ പങ്കെടുക്കുന്നുണ്ട്. മുഖ്യമന്ത്രിയും സിപിഐഎം മുതിർന്ന നേതാവുമായ പിണറായി വിജയൻ ഇന്ന് ആലപ്പുഴ ജില്ലയിൽ വിവിധ പരിപാടികളിൽ സംസാരിക്കും. ബിഹാർ മുൻ ഉപമുഖ്യമന്ത്രി തേജസ്വി യാദവ് ഇന്ന് കോഴിക്കോട് തിരഞ്ഞെടുപ്പ് റാലിയെ അഭിസംബോധന ചെയ്യും. എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ ഇന്ന്*

***കോഴിക്കോട് വിവിധ തിരഞ്ഞെടുപ്പ് പ്രചാരണ പരിപാടിയിൽ സംബന്ധിക്കും.***
***ന്യൂസ്ഡെസ്ക് ആകാശവാണി....***

&&&&&&&&&&&&&&&&&

**RAJNATH-TRAFFIC**

കേന്ദ്ര മന്ത്രിയും ബിജെപി മുതിർന്ന നേതാവുമായ രാജ്നാഥ് സിംങ്ങിന്റെ സന്ദർശനത്തോട് അനുബന്ധിച്ച് തിരുവനന്തപുരം നഗരത്തിൽ ഇന്നും നാളെയും ഗതാഗത ക്രമീകരണം ഏർപ്പെടുത്തി. വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിലും നിയന്ത്രണമുണ്ട്. വിമാനത്താവളത്തിലേക്കും, റെയിൽവെ സ്റ്റേഷനിലേക്കും പോകുന്ന യാത്രക്കാർ അറിയിപ്പുകൾ ശ്രദ്ധിക്കണമെന്ന് തിരുവനന്തപുരം സിറ്റി ട്രാഫിക് പൊലീസ് അറിയിച്ചു.

&&&&&&&&&&&&&&&&&

***IDUKKI ELECTION (INTRO)***

***നിയമസഭാ തിരഞ്ഞെടുപ്പിന് ദിവസങ്ങൾ ശേഷിക്കെ, ഇടുക്കി ജില്ലയിൽ പ്രചാരണം ശക്തമാക്കി മൂന്ന് മുന്നണികളും. ദേശീയ-സംസ്ഥാന നേതാക്കളെ അണിനിരത്തി വോട്ടുറപ്പിക്കാനുള്ള ശ്രമത്തിലാണ് എൽ.ഡി.എഫ്, യു.ഡി.എഫ്, എൻ.ഡി.എ ക്യാമ്പുകൾ.***

***വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ......***

***(വോയിസ്)***

&&&&&&&&&&&&&&&&&

**PUDUCHERRY-ELECTION DRONE SURVEILLANCE**

പുതുച്ചേരി നിയമസഭാ തിരഞ്ഞെടുപ്പിൽ പെരുമാറ്റച്ചട്ടം കർശനമാക്കുന്നതിന്റെ ഭാഗമായി 30 മണ്ഡലങ്ങളിലും ഡ്രോൺ നിരീക്ഷണം ഏർപ്പെടുത്തി തിരഞ്ഞെടുപ്പ് കമ്മീഷൻ. സുതാര്യമായ തിരഞ്ഞെടുപ്പ് ഉറപ്പാക്കുന്നതിന് പെരുമാറ്റച്ചട്ട ലംഘനങ്ങൾ സി-വിജിൽ ആപ്പ് വഴിയോ 1950 എന്ന ഹെൽപ്പ് ലൈൻ നമ്പറിലോ അറിയിക്കണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു.

&&&&&&&&&&&&&&&&&&

**HEADLINE-3**

**CENSUS 2027**

2027 ലെ ജനസംഖ്യ കണക്കെടുപ്പിന് രാജ്യത്ത് ഇന്ന് തുടക്കം. രണ്ട് ഘട്ടങ്ങളിലായി ഡിജിറ്റൽ രീതിയിലായിരിക്കും സെൻസസ് നടപ്പാക്കുക. മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ചുള്ള വിവരശേഖരണത്തിന് പുറമേ, പൊതുജനങ്ങൾക്ക് സ്വയം വിവരങ്ങൾ നൽകാനാകുന്ന സെൽഫ്-എന്യൂമറേഷൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**New financial year**

പുതിയ സാമ്പത്തിക വർഷം ആരംഭിച്ചതോടെ, പ്രധാന സാമ്പത്തിക നിയമ മാറ്റങ്ങൾ ഉൾപ്പെടെയുള്ള പരിഷ്കാരങ്ങൾ രാജ്യത്ത് പ്രാബല്യത്തിൽ. പുതിയ ആദായനികുതി നിയമം 2025 ഇന്ന് നിലവിൽ വരും. RBI നിർദ്ദേശപ്രകാരം രാജ്യത്തെ എല്ലാ ഡിജിറ്റൽ പണമിടപാടും ഇന്ന് മുതൽ ടു-ഫാക്ടർ ഓതെന്റിക്കേഷൻ മാനദണ്ഡങ്ങൾ പാലിക്കണം. 2026-27 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ഫാസ്റ്റ്ടാഗ് വാർഷിക പാസ് ഫീസും പാൻ കാർഡ് അപേക്ഷ സംബന്ധിച്ച പുതുക്കിയ നിയമങ്ങളും ഇന്ന് മുതൽ പ്രാബല്യത്തിൽ.

&&&&&&&&&&&&&&&&&&

**HEADLINE-4**

**IRAN – kuwait attack**

പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായി തുടരുന്നു. കുവൈറ്റ് അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഇന്ന് പുലർച്ചെ ഇറാൻ ഡ്രോൺ ആക്രമണമുണ്ടായതായി കുവൈറ്റ് സിവിൽ ഏവിയേഷൻ ഡയറക്ടറേറ്റ് ജനറൽ അറിയിച്ചു. ആർക്കും പരിക്കേറ്റിട്ടില്ലെന്നും വിമാനത്താവളത്തിന്റെ പ്രവർത്തനം തുടരുന്നതായും അധികൃതർ അറിയിച്ചു. ബഹ്റൈനിലും ആക്രമണം നടന്നതായും , സിവിൽ ഡിഫൻസ് യൂണിറ്റുകൾ തീ അണയ്ക്കാൻ ശ്രമിക്കുകയാണെന്നും ബഹ്റൈൻ ആഭ്യന്തര മന്ത്രാലയം വെളിപ്പെടുത്തി. ഇറാൻ ആക്രമണത്തെ വ്യോമപ്രതിരോധ സംവിധാനം തകർത്തതായി

സൗദി അറേബ്യൻ പ്രതിരോധ മന്ത്രാലയവും അറിയിച്ചിട്ടുണ്ട്. ആക്രമണങ്ങളുടെ പശ്ചാത്തലത്തിൽ ഗൾഫ് രാജ്യങ്ങൾ അതീവ ജാഗ്രതയിലാണ്.

&&&&&&&&&&&&&&&&&

HEADLINE-5

TRUMP – IRAN WAR

ഇറാനുമായുള്ള യുദ്ധം മൂന്നാഴ്ചക്കകം അവസാനിപ്പിക്കുമെന്ന് യു.എസ് പ്രസിഡന്റ് ഡോണൾഡ് ട്രംപ്. അമേരിക്കൻ സൈനിക നടപടി ഉടൻ അവസാനിക്കുമെന്നും എന്നാൽ ഒരിക്കലും ആണവായുധം കൈവശം വയ്ക്കാൻ കഴിയാത്ത വിധം ഇറാനെ തകർക്കുമെന്നും ട്രംപ് മാധ്യമങ്ങളോടു പറഞ്ഞു. ഹോർമുസ് കടലിടുക്കിലൂടെയുള്ള എണ്ണ കയറ്റുമതിയെ ആശ്രയിക്കുന്ന രാജ്യങ്ങൾ മേഖല സുരക്ഷിതമാക്കുന്നതിൽ കൂടുതൽ ഇടപെടണമെന്നും യു.എസ് പ്രസിഡന്റ് വാദിച്ചു.

&&&&&&&&&&&&&&&&&

DAY LPG PRICE HIKE

രാജ്യത്ത് മെട്രോ നഗരങ്ങളിൽ വാണിജ്യ ആവശ്യങ്ങൾക്കുള്ള എൽപിജി സിലിണ്ടറുകളുടെ വില കൂട്ടി എണ്ണക്കമ്പനികൾ. 19 കിലോഗ്രാം വാണിജ്യ സിലിണ്ടറുകളുടെ വിലയിൽ 195 രൂപ 50 പൈസയുടെ വർധനയാണ് വരുത്തിയത്. വിമാന ഇന്ധനത്തിൻറെ വിലയിലും വലിയ വർധനയുണ്ടായിട്ടുണ്ട്.

&&&&&&&&&&&&&&&&&

PNG CONNECTION

രാജ്യവ്യാപകമായി, പൈപ്പിലൂടെയുള്ള പാചകവാതക കണക്ഷനുകൾ വേഗത്തിലാക്കുന്നതിനായുള്ള 'നാഷണൽ പി.എൻ.ജി ഡ്രൈവ് 2.0' ജൂൺ 30 വരെ ദീർഘിപ്പിച്ചു. രാജ്യത്ത് പെട്രോൾ, ഡീസൽ, പാചകവാതകം എന്നിവയുടെ മതിയായ ശേഖരമുണ്ടെന്നും തെറ്റായ പ്രചാരണങ്ങളിൽ വിശ്വസിക്കരുതെന്നും പെട്രോളിയം മന്ത്രാലയം അറിയിച്ചു.

&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......

(ബ്രേക്ക്)

&&&&&&&&&&&&&&&&&

**DAY PREZ-VP-PM ODISHA DAY**

ഒഡീഷ രൂപീകരണ ദിനത്തിൽ സംസ്ഥാനത്തെ ജനങ്ങൾക്ക് ആശംസകൾ നേർന്ന് രാഷ്ട്രപതി, ഉപരാഷ്ട്രപതി പ്രധാനമന്ത്രി തുടങ്ങിയവർ. ഒഡിഷയുടെ സമ്പന്നമായ സാംസ്കാരിക പൈതൃകം, കാലാതീതമായ പാരമ്പര്യം ,എന്നിവയുടെ ആഘോഷമാണ് ദിനാചരണത്തിലൂടെ പ്രതിഫലിക്കുന്നതെന്ന് രാഷ്ട്രപതി ദ്രൗപദി മുർമ്മു സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&&

**REGULATION OF TRAINS FOR TRACK DOUBLING WORKS**

തിരുവനന്തപുരം - കന്യാകുമാരി റെയിൽവേ പാത ഇരട്ടിപ്പിക്കലിന്റെ ഭാഗമായി മറ്റന്നാൾ വരെ ട്രെയിൻ ഗതാഗതത്തിൽ നിയന്ത്രണം ഏർപ്പെടുത്തി. ഇരണിയൽ യാർഡിലെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നതിനാൽ കൊല്ലം - നാഗർകോവിൽ, കന്യാകുമാരി - പുനലൂർ തുടങ്ങിയ പ്രധാന പാസഞ്ചർ ട്രെയിനുകളും മെമു സർവീസുകളും പൂർണ്ണമായി റദ്ദാക്കിയിട്ടുണ്ട്. മംഗളുരു – കന്യാകുമാരി പരശുറാം എക്സ്പ്രസ്സ് തിരുവനന്തപുരം സെൻട്രലിൽ യാത്ര അവസാനിപ്പിക്കും. .

&&&&&&&&&&&&&&&&&

**HEADLINE-6**

**IPL**

ഐപിഎൽ ക്രിക്കറ്റിൽ ഇന്ന് ലഖ്നൗ സൂപ്പർ ജയന്റ്സ് - ഡൽഹി ക്യാപിറ്റൽസിനെ നേരിടും. രാത്രി 7:30 ന് ലഖ്നൗവിലാണ് മത്സരം ഇന്നലെ നടന്ന മത്സരത്തിൽ ഗുജറാത്ത് ടൈറ്റൻസിനെതിരെ പഞ്ചാബ് കിങ്സ് മൂന്ന് വിക്കറ്റിന് വിജയിച്ചു.

&&&&&&&&&&&&&&&&&

## STOCK / GOLD

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 1,709 പോയിന്റ് ഉയർന്ന് 73,669 ലും, ദേശീയ ഓഹരി സൂചിക നിഫ്റ്റി 507 പോയിന്റ് നേട്ടത്തിൽ 22,839 ലും വ്യാപാരം തുടരുന്നു. സ്വർണ വില കൂടി. പവന് 1,440 രൂപ വർധിച്ച് ഒരു ലക്ഷത്തി പതിനോരായിരത്തി 80 രൂപയും, ഗ്രാമിന് 13,885 രൂപയുമാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&&&&

## SABARIMALA

പൈങ്കുനി ഉത്രം ഉത്സവത്തിനു സമാപനം കുറിച്ച് ശബരിമല ക്ഷേത്രനട ഇന്ന് അടയ്ക്കും. പത്താം ഉത്സവമായ ഇന്ന് പമ്പയിൽ ആറാട്ട് നടന്നു. ആറാട്ട് ഘോഷയാത്ര സന്നിധാനത്ത് എത്തിയ ശേഷം ഉത്സവം കൊടിയിറങ്ങും. ഉത്സവ പൂജകൾ പൂർത്തിയാക്കി രാത്രി 10 ന് നടയടയ്ക്കും. തുടർന്ന് വിഷു മേടമാസ പൂജയ്ക്കായി ഈ മാസം 10ന് ക്ഷേത്രനട വീണ്ടും തുറക്കും.

&&&&&&&&&&&&&&&&&&

## SRI PADMANABHA SWAMY TEMPLE

തിരുവനന്തപുരം ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ പൈങ്കുനി ഉത്സവത്തോടനുബന്ധിച്ചുള്ള പള്ളിവേട്ട ഇന്ന് നടക്കും. നാളെ ആറാട്ട് ചടങ്ങുകൾ ആരംഭിക്കും. ആറാട്ട് ഘോഷയാത്രയുടെ ഭാഗമായി തിരുവനന്തപുരം രാജ്യാന്തര വിമാനത്താവളത്തിലെ റൺവേ നാളെ വൈകുന്നേരം 4.45 മുതൽ രാത്രി ഒൻപത് വരെ അടച്ചിടും. ഈ സമയത്തുള്ള ആഭ്യന്തര,രാജ്യാന്തര വിമാന സർവീസുകൾ പുനഃക്രമീകരിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&